REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-05-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലെ വസതിയിൽ ഉന്നതതല യോഗം ചേരുന്നു.**
- **ഓപ്പറേഷൻ സിന്ദൂർ വഴി ലോകത്തിന് ഭീകരതയ്ക്കെതിരെ ഇന്ത്യ വ്യക്തമായ സന്ദേശം നൽകിയതായി BJP.**
- **രാജ്യത്തിന്റെ ആരോഗ്യ സംവിധാനത്തിന്റെയും ദേശീയ വളർച്ചയുടെയും ശക്തി നഴ്സുമാരുടെ ക്ഷേമവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നുമെന്ന് കേന്ദ്രമന്ത്രി JP നദ്ദ.**
- **സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭ കൾക്കും 213 കോടി 43 ലക്ഷം രൂപകൂടി അനുവദിച്ചതായി മന്ത്രി K N ബാലഗോപാൽ.**
- **ഇന്ത്യൻ ക്രിക്കറ്റ് താരം വിരാട് കോഹ്‌ലി ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലെ വസതിയിൽ ഉന്നതതല യോഗം ചേരുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, രാജ്യരക്ഷ മേധാവി ജനറൽ അനിൽ ചൗഹാൻ, മൂന്ന് സായുധ സേനകളുടെയും മേധാവികൾ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നു.

✪✪✪

ഓപ്പറേഷൻ സിന്ദൂർ വഴി ലോകത്തിന് ഭീകരതയ്ക്കെതിരെ ഇന്ത്യ വ്യക്തമായ സന്ദേശം നൽകിയതായി BJP അഭിപ്രായപ്പെട്ടു. ഭീകരതയെ ചെറുക്കാനും പാകിസ്ഥാനെ ഒറ്റപ്പെടുത്താനും പ്രധാനമന്ത്രി നരേന്ദ്രമോദി 20 രാജ്യങ്ങളുടെ ഭരണ നേതാക്കളുമായി നേരിട്ട് ചർച്ച നടത്തി സമവായമുണ്ടാക്കിയെന്ന് BJP വക്താവ് സമ്പിത്പത്ര ന്യൂഡൽഹിയിൽ പാർട്ടി ആസ്ഥാനത്ത് പറഞ്ഞു. അമേരിക്കയും, സൗദി അറേബ്യയും, UAE യും നിരവധി ഇസ്ലാമിക രാജ്യങ്ങളും ഇന്ത്യയുടെ ഭീകരതയ്ക്കെതിരായ പോരാട്ടത്തിന് പിന്തുണ അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട നിരപരാധികളായ 26 പേരുടെ മരണത്തിന് ഇന്ത്യ പ്രതികാരം ചെയ്യുമെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകിയിരുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ സായുധസേന അനിതര സാധാരണമായ ധൈര്യമാണ് പ്രകടമാക്കിയത്. ഇന്ത്യയിലെ ഓരോ പൗരന്മാരും ഈ വിജയത്തിൽ സന്തോഷിക്കുകയും സേനാ വിഭാഗങ്ങൾക്ക് നന്ദിയറിയിക്കുകയും ചെയ്യുകയാണ്. പാകിസ്ഥാനിലെ ഒൻപത് ഭീകരവാദി ഒളിത്താവളങ്ങൾ സൈന്യം നിലംപരിശാക്കിയെന്നും സമ്പിത്പത്ര പറഞ്ഞു.

✪✪✪

ബലൂചിസ്ഥാനിലെ 51 ഇടങ്ങളിലെ എഴുപതിലേറെ ആക്രമണങ്ങളുടെ ഉത്തരവാദിത്വം ബലൂച് ലിബറേഷൻ ആർമി ഏറ്റെടുത്തു. ആഗോള ഭീകരപ്രവർത്തകരുടെ സൃഷ്ടികേന്ദ്രവും, ലഷ്കർ ഇ ത്വയ്ബ, ജെയ്ഷെ മുഹമ്മദ്, ISIS എന്നിവയടക്കം കൊടുംഭീകരരെ വളർത്തിയെടുക്കാൻ സഹായിക്കുന്ന രാജ്യവുമാണ് പാകിസ്ഥാനെന്ന് BLA കുറ്റപ്പെടുത്തി.

✪✪✪

ഇന്ത്യാ- പാക് സംഘർഷത്തെ തുടർന്ന് താൽക്കാലികമായി അടച്ച 32 വിമാനത്താവളങ്ങൾ തുറന്നു. ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിൽ വെടിനിർത്തൽ ധാരണയുണ്ടായതിനെ തുടർന്നാണ് നടപടി.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ഉൾപ്പെടെ തിരുവനന്തപുരത്തെ പ്രധാന മേഖലകളിൽ ഡ്രോണുകൾക്ക് വിലക്കേർപ്പെടുത്തി. രാജ്ഭവൻ, നിയമസഭ, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വസതികൾ, സെക്രട്ടേറിയറ്റ്, വിഴിഞ്ഞം തുറമുഖം, VSSC, ISRO, ടെക്നോപാർക്ക്, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം, പൊലീസ് ഹെഡ് ക്വാർട്ടേഴ്സ് എന്നിവയടക്കം നിരവധി സ്ഥലങ്ങളിലും ഡ്രോൺ വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ പടക്കങ്ങളും സ്ഫോടക വസ്തുക്കളും വിൽക്കുന്നതും വാങ്ങുന്നതും ഉപയോഗിക്കുന്നതും ഈ മാസം 17 വരെ ജില്ലാ കലക്ടർ നിരോധിച്ചു. പൊതു ഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും ഡ്രോണുകൾ പ്രവർത്തിപ്പിക്കുന്നതും ഉപയോഗിക്കുന്നതും ഏഴ് ദിവസത്തേക്ക് നിരോധിച്ചിട്ടുണ്ട്.

✪✪✪

ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. ആധുനിക നഴ്സിംഗിന്റെ മാതാവ് ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമാണ് നഴ്സസ് ദിനമായി ആചരിക്കുന്നത്. രാജ്യത്തിന്റെ ആരോഗ്യ സംവിധാനത്തിന്റെയും ദേശീയ വളർച്ചയുടെയും ശക്തി നഴ്സുമാരുടെ ക്ഷേമവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നുമെന്ന് കേന്ദ്രമന്ത്രി JP നദ്ദ പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്...

....(വോയ്സ്)...

നഴ്സുമാർക്ക് വേണ്ടി ചെലവഴിക്കുന്ന തുക ആരോഗ്യ സമൂഹത്തെയും ശോഭന ഭാവിയെയും പ്രകാശമാനമാക്കുമെന്ന് JP നദ്ദ സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. നഴ്സുമാരുടെ അനുകമ്പ, പ്രതിബദ്ധത, ചൈതന്യം എന്നിവയ്ക്ക് അദ്ദേഹം ആദരവും അർപ്പിച്ചു. സമൂഹത്തിലെ ഓരോരുത്തരെയും പരിചരണത്തിലൂടെ സമാശ്വസിപ്പിക്കുന്ന നഴ്സുമാരുടെ സേവനമൂല്യം തിരിച്ചറിഞ്ഞ് അവരെ ശാക്തീകരിക്കാനും സംരക്ഷിക്കാനും എല്ലാവരും മുന്നോട്ടു വരണമെന്ന് നദ്ദ ആഹ്വാനം ചെയ്തു.

സംസ്ഥാന തല നഴ്സസ് ദിനാഘോഷ വൈകിട്ട് തിരുവനന്തപുരം AKG ഹാളിൽ മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്യും. നഴ്സിംഗ് വിദ്യാഭ്യാസത്തിന് മികച്ച പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഗവൺമെന്റ് മേഖലയിലും C-മെറ്റിന്റെ കീഴിലും പുതുതായി 15 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചതായി മന്ത്രി അറിയിച്ചു.

ഗവൺമെന്റ് ആശുപത്രികളിൽ മികച്ച സേവനം കാഴ്ച വെച്ച നഴ്സുമാരുടെ സംസ്ഥാന തല സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡുകൾ ഇന്നലെ തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിച്ചു. ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിലെ നഴ്സുമാരെയാണ് അവാർഡിന് പരിഗണിച്ചത്.

✪✪✪

കോഴിക്കോട് ജില്ലാതല നേഴ്സസ് ദിനാഘോഷം ഉച്ചയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് നിള ഓഡിറ്റോറിയത്തിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. MK രാഘവൻ MP മുഖ്യാതിഥിയാവും. എഴുത്തുകാരൻ ബെന്യാമിനും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ശ്രീബുദ്ധന്റെ ജന്മദിനമായ ബുദ്ധപൂർണിമ ഇന്ന് ആഘോഷിക്കുന്നു.. രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ബുദ്ധപൂർണിമ ആശംസകൾ നേർന്നു.

സത്യം, സമത്വം, ഐക്യം എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയ ഭഗവാൻ ബുദ്ധന്റെ സന്ദേശങ്ങൾ മനുഷ്യരാശിക്ക് വഴികാട്ടിയാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

127-ാമത് ഊട്ടി ഫ്ലവർഷോ ഈ മാസം 15 ന് ആരംഭിക്കും. ഊട്ടി ബൊട്ടാണിക്കൽ ഗാർഡനിൽ മുഖ്യമന്ത്രി MK സ്റ്റാലിൻ ഉദ്ഘാടനം ചെയ്യും. അടുത്ത കാലത്ത് ഊട്ടിയിലേക്കുണ്ടാകുന്ന സന്ദർശക പ്രവാഹം കണക്കിലെടുത്ത് ഫ്ലവർഷോ പത്ത് ദിവസമായി നീട്ടിയിട്ടുണ്ട്. സാധാരണഗതിയിൽ അഞ്ച് ദിവസമായിരുന്നു ഫ്ലവർഷോ.

✪✪✪

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭ കൾക്കും 213 കോടി 43 ലക്ഷം രൂപകൂടി അനുവദിച്ചതായി മന്ത്രി K N ബാലഗോപാൽ അറിയിച്ചു. ഈ സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ രണ്ടാം ഗഡുവാണ് അനുവദിച്ചത്.

ഗ്രാമ പഞ്ചായത്തുകൾക്ക് 150 കോടിയിൽപ്പരം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 11 കോടിയിൽപ്പരം രൂപയും നീക്കിവച്ചു. ജില്ലാ പഞ്ചായത്തുകൾക്ക് ഏഴ് കോടി 89 ലക്ഷംരൂപയും മുനിസിപ്പാലിറ്റികൾക്ക് 25 കോടി 83 ലക്ഷം രൂപയും, കോർപറേഷനുകൾക്ക് 18 കോടി 25 ലക്ഷം രൂപയും ലഭിക്കും.

✪✪✪

KPCC പ്രസിഡന്റായി സണ്ണി ജോസഫ് MLA ചുമതലയേറ്റു. തിരുവനന്തപുരത്ത് KPCC ആസ്ഥാനത്തെ ചടങ്ങിൽ AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ, കേരളത്തിന്റെ ചുമതല വഹിക്കുന്ന AICC

ജനറൽ സെക്രട്ടറി ദീപാ ദാസ്മുൻഷി, പ്രതിപക്ഷനേതാവ് V.D സതീശൻ, K സുധാകരൻ MP, രമേശ് ചെന്നിത്തല, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങൾ, AICC ഭാരവാഹികൾ ,മുൻ KPCC അധ്യക്ഷൻമാർ, MP മാർ, MLA മാർ ഉൾപ്പെടെ പ്രമുഖ നേതാക്കൾ ചടങ്ങിൽ സംബന്ധിച്ചു.

✪✪✪

K സുധാകരൻ കരുത്തനായ നേതാവാണെന്ന് AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ പറഞ്ഞു. KPCC പ്രസിഡന്റിന്റെ സ്ഥാനമേൽക്കൽ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. UDF കൺവീനറായി നിയമിച്ച അടൂർ പ്രകാശിൽ വലിയ പ്രതീക്ഷയുണ്ടെന്നും KC വേണുഗോപാൽ പറഞ്ഞു.

കോൺഗ്രസ്സിലെ പക്വതയുടെ മുഖമാണ് സണ്ണി ജോസഫെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ചടങ്ങിൽ അഭിപ്രായപ്പെട്ടു. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ ഒറ്റക്കെട്ടായി പ്രവർത്തിച്ച് 100 ലേറെ സീറ്റ് നേടി UDF അധികാരത്തിലെത്തുമെന്ന് പാർട്ടി നേതൃത്വത്തിന് സതീശൻ ഉറപ്പു നൽകി.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് താരം വിരാട് കോഹ്‌ലി ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു . ഇൻസ്റ്റഗ്രാം പോസ്റ്റിലൂടെയാണ് കോലി ടെസ്റ്റിൽ നിന്ന് വിരമിക്കുന്ന കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. രണ്ടാഴ്ച മുമ്പ് കോഹ്‌ലി ടെസ്റ്റിൽ നിന്ന് വിരമിക്കാൻ BCCI യെ സന്നദ്ധത അറിയിച്ചിരുന്നു.

വിരമിക്കൽ തീരുമാനത്തിൽ നിന്ന് കോഹ്‌ലിയെ പിന്തിരിപ്പിക്കാൻ BCCI ശ്രമിച്ചെങ്കിലും അദ്ദേഹം തയ്യാറായില്ല.

✪✪✪

അഖിലേന്ത്യ വോളിബോൾ ടൂർണമെന്റിന് വൈകിട്ട് കണ്ണൂർ പയ്യന്നൂരിൽ തുടക്കമാകും. നിയമ സഭാ സ്പീക്കർ AN ഷംസീർ വൈകിട്ട് ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. 'ലഹരിയുടെ ഒളിയിടങ്ങളല്ല ഒരുമയുടെ കളിയിടങ്ങൾ തുറക്കട്ടെ' എന്ന സന്ദേശവുമായി പയ്യന്നൂർ ഗവ. ഹൈസ്കൂൾ മൈതാനത്തെ പ്രത്യേകം തയ്യാറാക്കിയ ഫ്ലഡ്‌ലിറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

എല്ലാ ദിവസവും വൈകീട്ട് ഏഴിന് മത്സരം തുടങ്ങും.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മഹാരാഷ്ട്ര കുതിപ്പ് തുടരുന്നു. 31 സ്വർണ്ണവും 25 വെള്ളിയുമുൾപ്പെടെ മഹാരാഷ്ട്ര 81 മെഡലുകൾ നേടി. 14 സ്വർണ്ണവും 21 വെള്ളിയുമുൾപ്പെടെ 42 മെഡലുകളുമായി കർണാടകയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

കായിക വകുപ്പിന്റെ Kick Drugs - Say, Yes to Sports ലഹരി വിരുദ്ധ സന്ദേശ യാത്ര ബുധനാഴ്ച തിരുവനന്തപുരത്ത് നിന്ന് പുനരാരംഭിക്കും. അതിർത്തി സംഘർഷത്തെ തുടർന്ന് യാത്ര തൽക്കാലം നിർത്തി വെച്ചിരുന്നു. കാസർകോട് മുതൽ കോഴിക്കോട് വരെ അഞ്ച് ജില്ലകളിൽ മന്ത്രി v അബ്ദുറഹ്മാന്റെ നേതൃത്വത്തിലാണ് സന്ദേശ യാത്ര പൂർത്തിയായത്.

✪✪✪

പുതിയ അധ്യയന വർഷത്തിന് മുന്നോടിയായി എല്ലാ സ്കൂളുകളിലും പുകയില, ലഹരി വിരുദ്ധ ബോർഡുകൾ സ്ഥാപിക്കണമെന്ന് മന്ത്രി V ശിവൻകുട്ടി ആവശ്യപ്പെട്ടു. ഈ മാസം 25, 26 തിയതികളിൽ സ്കൂളുകളിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കണമെന്നും അതിനുമുമ്പ് 20 ന് PTA യോഗങ്ങൾ വിളിച്ചുകൂട്ടണമെന്നും മന്ത്രി ആവശ്യപ്പെട്ടു. ഈ വർഷത്തെ പ്രവേശനോത്സവം ആലപ്പുഴയിലായിരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

പുതിയ അദ്ധ്യയന വർഷത്തെ വരവേൽക്കാൻ ഒരുങ്ങുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പഠനോപകരണങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്ന സപ്ലൈകോ സ്കൂൾ മാർക്കറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി G.R അനിൽ നിർവഹിച്ചു. തിരുവനന്തപുരം സപ്ലൈകോ ഫോർട്ട് സൂപ്പർ ബസാറിൽ നടന്ന ചടങ്ങിൽ ആന്റണി രാജു MLA അധ്യക്ഷനായിരുന്നു.

വിദ്യാർഥികൾക്കാവശ്യമായ എല്ലാ പഠനോപകരണങ്ങളും 17ശതമാനം വരെ വിലക്കുറവിൽ സ്കൂൾ മാർക്കറ്റുകളിൽ ലഭ്യമാക്കും.

മെയ് 12 മുതൽ ജൂൺ 30 വരെ തെരഞ്ഞെടുത്ത സപ്ലൈകോ വിൽപനശാലകളിൽ സ്കൂൾ മാർക്കറ്റുകൾ പ്രവർത്തിക്കും.

✪✪✪

ഹൈന്ദവ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും വേദപാഠശാലകളുടെ നവീകരണത്തിനുമായി ഗുരുവായൂർ ദേവസ്വം നൽകുന്ന ധനസഹായ വിതരണത്തിന്റെ മൂന്നാം ഘട്ടം കണ്ണൂർ മട്ടന്നൂരിൽ KK ശൈലജ MLA ഉദ്ഘാടനം ചെയ്തു.

കാസർകോട്, വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകൾ ഉൾപ്പെടുന്ന വടക്കൻ മേഖലയിലെ 395 ക്ഷേത്രങ്ങൾക്ക് മൂന്ന് കോടി ഒമ്പത് ലക്ഷം രൂപയാണ് സഹായം നൽകുന്നത്.

✪✪✪

ജോയിന്റ് കൗൺസിൽ 56-ാം വാർഷിക സമ്മേളനം പാലക്കാട്ട് തുടങ്ങി. വൈകീട്ട് കോട്ടമൈതാനത്ത് പൊതുസമ്മേളനം മന്ത്രി K. രാജൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ചരിത്ര പ്രസിദ്ധമായ ഇടുക്കി മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണ്ണമി ഉത്സവത്തിന് തുടക്കമായി. പെരിയാർ വന്യ ജീവി സങ്കേതത്തിലെ കണ്ണകി പ്രതിഷ്ഠയോട് കൂടിയ കാനനക്ഷേത്രമാണ് മംഗളാദേവി. ആയിരത്തിലേറെ വർഷം പഴക്കം കണക്കാക്കുന്ന ക്ഷേത്രത്തിൽ കേരള - തമിഴ്നാട് രീതികളിലാണ് പൂജകൾ നടത്തുന്നത്. രാവിലെ മുതൽ നിരവധി ഭക്തർ ക്ഷേത്രത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്.

✪✪✪

കാസർഗോഡ് ചെറുവത്തൂർ മട്ടലായി ഞാണും കൈയിൽ കുന്നിടിഞ്ഞ് ഒരാൾ മരിച്ചു. മൂന്ന് തൊഴിലാളികളാണ് ദേശീയപാതയോരത്തെ കുന്നിടിഞ്ഞ് അപകടത്തിൽപ്പെട്ടത്. മറ്റു രണ്ടു പേരെ രക്ഷപ്പെടുത്തി. അതിഥി തൊഴിലാളിയാണ് മരിച്ചത്.

✪✪✪

കോഴിക്കോട് ബീച്ചിൽ 'എന്റെ കേരളം' പ്രദർശന-വിപണന മേള ഇന്ന് സമാപിക്കും. ഗവൺമെന്റിന്റെ വികസന പരിപാടികളും സേവനങ്ങളും ജനങ്ങളിലെത്തിക്കുന്ന പ്രദർശനം കാണാൻ പതിനായിരങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ എത്തിയിരുന്നു.

✪✪✪

---

.

*News Editor: പി ചന്ദ്രബാബു*
*News Reader: രജ്ന കെ ആസാദ്*
*News Team:, അനിൽ ചന്ദ്രൻ*
*DEO: ഷീബ*